**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3769** **27-06-2024 - ൽ മറുപടിയ്ക്ക്**

**കുറ്റ്യാടി മണ്ഡലത്തിൽ നിന്നും പി.എം.ജെ.വി.കെ. പദ്ധതിക്കായി ലഭിച്ച പ്രൊപ്പോസലുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ** | | **ശ്രീ. വി. അബ്ദുറഹിമാൻ (ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | പി.എം.ജെ.വി.കെ. പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി കുറ്റ്യാടി മണ്ഡലത്തിൽ നിന്നും ലഭിച്ച പ്രൊപ്പോസലുകൾ ഏതൊക്കെയെന്നും ഈ പ്രൊപ്പോസലുകളിൽ എന്തൊക്കെ തീരുമാനം കൈക്കൊണ്ടിട്ടുണ്ടെന്നും വിശദമാക്കാമോ; | (എ) | **കോഴിക്കോട് ജില്ലയിലെ കുറ്റ്യാടി മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ നിന്നും പി.എം.ജെ.വി.കെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി കോഴിക്കോട് ജില്ല പ്ലാനിംഗ് ഓഫീസിൽ സമർപ്പിച്ച ചുവടെ വിശദമാക്കുന്ന നാല് പ്രൊപ്പോസലുകളാണ് ജില്ലാതല സമിതിയുടെ അംഗീകാരത്തോടുകൂടി ന്യൂനപക്ഷ ക്ഷേമ വകുപ്പിന് ലഭിച്ചിട്ടുള്ളത്.** |

| Sl No. | Name of Project | Project Cost (Amount in lakhs) |
|---|---|---|
| 1 | Kuttiady Taluk Hospital Scanning Centre Building | 217.74 |
| 2 | Upgradation of Community Health Centre in Thiruvallur GP | 500.00 |
| 3 | Construction of Homeo Hospital Building in Thiruvallur GP | 300.00 |
| 4 | Construction of Koolikunnu Indoor Stadium | 526.46 |

**പ്രസ്തുത പ്രൊജെക്റ്റുകളിൽ ഡയറക്ടറേറ്റ് തലത്തിൽ നടത്തിയിട്ടുള്ള പ്രാഥമിക സൂക്ഷ്മ പരിശോധനയിൽ ക്രമ നമ്പർ രണ്ട് മുതൽ നാലുവരെയുള്ള മൂന്ന് പ്രോജക്റ്റുകൾ 2022-23 വർഷത്തെ പ്രൊപ്പോസലിൽ ഉൾപ്പെടുത്തുന്നതിനായി സംസ്ഥാനതല സമിതിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നു. എന്നാൽ ഈ**

| | | | |
|---|---|---|---|
| | | | **പ്രോജെക്റ്റുകൾക്ക് ബന്ധപ്പെട്ട ഭരണവകുപ്പിന്റെ അംഗീകാരം ലഭിക്കാത്തതിനാൽ സമിതി ഈ പ്രോജക്റ്റുകൾ പരിഗണിച്ചില്ല. ക്രമ നമ്പർ ഒന്നിലെ പ്രോജക്റ്റ് ജില്ലയിൽ നിന്നും വരും വർഷങ്ങളിലെ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി സമർപ്പിക്കുന്ന പക്ഷം പരിശോധിക്കുന്നതാണ്.** |
| (ബി) | പി.എം.ജെ.വി.കെ. പദ്ധതി സമർപ്പിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തൊക്കെയെന്ന് ഇതിനായി നിശ്ചയിച്ചിട്ടുള്ള സമയക്രമം സഹിതം വ്യക്തമാക്കാമോ? | (ബി) | പി.എം.ജെ.വി.കെ. പദ്ധതിയുടെ പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച്, പദ്ധതി പ്രദേശത്ത് 15 കിലോമീറ്റർ ചുറ്റളവിൽ 25% ൽ കുറയാത്ത ന്യൂനപക്ഷ ജനസംഖ്യ ഉണ്ടായിരിക്കണം. .വിദ്യാഭ്യാസം, ആരോഗ്യം, നൈപുണ്യവികസനം, കായികം, സ്ത്രീ കേന്ദ്രീകൃത വികസന പദ്ധതികൾ എന്നിങ്ങനെ വിവിധ മേഖലകളിലായുള്ള ആസ്തി വികസനത്തിന് ഉതകുന്ന പ്രൊപ്പോസലുകൾ സമർപ്പിക്കാവുന്നതാണ്. പ്രസ്തുത പദ്ധതിക്ക് കേന്ദ്രസർക്കാർ പുറപ്പെടുവിച്ചിരിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം തയ്യാറാക്കിയ വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് ജില്ലാതല സമിതിയുടെയും ബന്ധപ്പെട്ട വകുപ്പിന്റെയും അംഗീകാരത്തോടെ സമർപ്പിക്കണം. ഇതിനായി പ്രത്യേക സമയക്രമം നിശ്ചയിച്ചിട്ടില്ല.<br><br>1. എസ്റ്റിമേറ്റുകൾ PRICE സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയതായിരിക്കണം, പ്രൊജക്റ്റ് ലേഔട്ട്, നിർവ്വഹണഘട്ടങ്ങളുടെയും സമയക്രമത്തിന്റെയും വിവരങ്ങൾ ഉൾക്കൊള്ളിക്കണം.<br><br>2. പ്രൊജക്റ്റ് കോസ്റ്റ് പത്തുകോടിവരെ വരുന്ന പ്രൊജെക്ടുകൾക്ക് Preliminary Project Report- ഉം അതിനുമുകളിൽ വരുന്ന പ്രൊജെക്ടുകൾക്ക് Detailed Project Report ഉം അനിവാര്യമാണ്.<br><br>3 പ്രോജക്റ്റിന്റെ നീതീകരണം, Baseline Survey-യിലെ കണ്ടെത്തലുകൾ, പ്രോജക്റ്റിന്റെ പ്രയോജനം, ഗുണഭോക്താക്കളുടെ എണ്ണം എന്നീ വിവരങ്ങൾ ആവശ്യമാണ്.<br><br>4. പ്രൊജക്റ്റ് നടപ്പിലാക്കാൻ തടസ്സങ്ങളില്ലാത്ത ഭൂമിയുടെ ലഭ്യത, പ്രൊജക്റ്റ് പൂർത്തിയാകുമ്പോൾ അത് ഏറ്റെടുക്കുന്നതിനും ഗുണഫലങ്ങൾ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനും ആവശ്യമായ ആവർത്തന ചെലവുകൾ വഹിക്കാനുള്ള വകുപ്പിന്റെ സന്നദ്ധത എന്നിവ വ്യക്തമാക്കിയിരിക്കണം.<br><br>5. ശാരീരിക വെല്ലുവിളിനേരിടുന്നവർക്ക് |

| | | | |
|---|---|---|---|
| | | | അനുയോജ്യമായ പ്രവേശന സൗകര്യം ഉറപ്പുവരുത്തണം.<br><br>6. പാരിസ്ഥിതിക സുസ്ഥിരത ഉറപ്പുവരുത്തുന്നതിനുള്ള ശ്രമങ്ങൾ, മഴവെള്ള സംരക്ഷണ ടാങ്ക് എന്നിവ ആവശ്യമാണ്.<br><br>7. PERT, CPM സങ്കേതങ്ങൾ ഉപയോഗിച്ച് പ്രൊജക്റ്റ് വിലയിരുത്തലും അവലോകനവും നടത്തുക.<br><br>8. പ്രൊജക്റ്റ് ലക്ഷ്യം വെയ്ക്കുന്ന ഗുണഭോക്താക്കളിൽ പദ്ധതിയുടെ ഗുണഫലങ്ങൾ അറിയിക്കുന്നതിനുള്ള ശ്രമങ്ങൾ വിശദീകരിക്കുക.<br><br>9. പ്രോജക്ടുകൾ സൂക്ഷ്മ പരിശോധന നടത്തി മുൻഗണനാക്രമം നിശ്ചയിച്ച് ആവശ്യമായ ക്ലിയറൻസുകളോടെ കേന്ദ്രസർക്കാരിന്റെ മറ്റ് പദ്ധതികളിൽ പ്രസ്തുത പ്രോജക്ടുകൾ ഉൾപ്പെടുന്നില്ല എന്ന് ഉറപ്പ് വരുത്തിയ ശേഷം വകുപ്പ്തലത്തിലും ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിയുടെ ശുപാർശയോടെയും പ്രപ്പോസലുകൾ സമർപ്പിക്കാം. |

സെക്ഷൻ ഓഫീസർ